പത്രക്കുറിപ്പ് 04.12.2019

## കേരളത്തെ ഡിസൈൻ ഹബ് ആക്കും, 12-ന് ആരംഭിക്കുന്ന ഡിസൈൻ വീക്ക്-ൽ ചർച്ചകൾ

**തിരുവനന്തപുരം:** *വിവിധ മേഖലകളിൽ രൂപകൽപനയ്ക്കുള്ള സുപ്രധാന കേന്ദ്രമാക്കി (ഹബ്) കേരളത്തെ മാറ്റാനുള്ള ചർച്ചകൾ ഡിസംബർ 12, 13, 14 തിയതികളിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന ഡിസൈൻ വീക്ക്-ൽ നടക്കും.*

*ഡിസംബർ 14 ന് നടക്കുന്ന സമാപന സമ്മേളനത്തെ മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ അഭിസംബോധന ചെയ്യും. ബോൾഗാട്ടി പാലസ് വേദിയാകുന്ന ഡിസൈൻ വീക്ക്, ഇൻഫോസിസ് സഹസ്ഥാപകനും സംസ്ഥാന ഐടി ഉന്നതാധികാര സമിതി ചെയർമാനുമായ എസ് ഡി ഷിബുലാൽ ഉദ്ഘാടനം ചെയ്യും.*

*സ്റ്റാർട്ടപ്പുകൾക്കും ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കും ഉൽപ്പന്നങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള മികച്ച രൂപകൽപ്പനകൾ വൻതോതിൽ ലഭ്യമാക്കുന്നതിന് ഡിസൈൻ ഉച്ചകോടി ഊന്നൽ നൽകുമെന്ന് സംസ്ഥാന ഇലക്ട്രോണിക്സ്-ഐടി സെക്രട്ടറി ശ്രീ എം ശിവശങ്കർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.*

*ഈ മേഖലയിൽ മികവിന്റെ കേന്ദ്രം (സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസൈൻ) അടുത്ത സാമ്പത്തിക വർഷത്തിൽ കൊച്ചിയിൽ ആരംഭിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഡിസൈൻ ഒരു ആഡംബരമെന്ന മുൻവിധി ഒഴിവാക്കി കാലഘട്ടത്തിന്റെ ആവശ്യമാണ് എന്ന നിലയിലേയ്ക്ക് കൊണ്ടുവരാനാണ് ഡിസൈൻ വീക്കിലൂടെ സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.*

*ബഹുരാഷ്ട്ര കമ്പനികളും വിദേശത്തുനിന്നടക്കമുള്ള സ്ഥാപനങ്ങളും കേരളത്തിൽ രൂപകൽപ്പന ലക്ഷ്യമാക്കിയുള്ള ഡിസൈൻ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള ചർച്ചകളിൽ പങ്കാളികളാകും. സംസ്ഥാന ഇലക്ട്രോണിക്സ്-ഐടി വകുപ്പാണ് പരിപാടി സംഘടിപ്പിക്കുന്നത്. അന്താരാഷ്ട്ര സംഘടനകളായ വേൾഡ് ഡിസൈൻ ഓർഗനൈസേഷന്റേയും ഇന്ററാക്ഷൻ ഡിസൈൻ അസോസിയേഷന്റേയും സഹകരണമുണ്ട്.*

*പ്രമുഖ സ്ഥാപനങ്ങളായ മൈക്രോസോഫ്റ്റ്, യൂട്യൂബ്, ഫ്ളിപ്കാർട്ട്, ആമസോൺ, ഇൻഫോസിസ്, ഐഎസ്സിഎ ലണ്ടൻ, ഇൻഡിഗോ എയൻലൈൻസ്, ടൈറ്റാൻ കമ്പിനി, പിഡബ്ല്യുസി എന്നിവിടങ്ങളിലെ നൂറോളം വിദഗ്ധർ സെഷനുകൾക്ക് നേതൃത്വം നൽകും. അടിസ്ഥാന സൗകര്യം, നഗരാസൂത്രണം, പരസ്യം, ഉള്ളടക്കം, ശബ്ദം തുടങ്ങിയ തലങ്ങളിലെ രൂപകൽപ്പനയെ അടിസ്ഥാനമാക്കിയ സെഷനുകൾ, മാസ്റ്റർ ക്ലാസ് എന്നിവയ്ക്കുപുറമേ പ്രദർശനങ്ങളും പ്രതിഷ്ഠാപനങ്ങളും ക്രമീകരിക്കും. ഓസ്കാർ ജേതാവ് റസൂൽ പൂക്കുട്ടി സൗണ്ട് ഡിസൈനിംഗ് സെഷന് നേതൃത്വം നൽകും.*

*ലോകത്തിലെ പ്രധാനപ്പെട്ട ഡിസൈൻ കമ്പനികളുടെ നേരിട്ടുള്ള സാന്നിദ്ധ്യത്തോടൊപ്പം ഈ രംഗത്തെ പ്രൊഫഷണലുകൾക്കും സംരംഭങ്ങൾക്കും ഇൻകുബേറ്റ് ചെയ്യാനുള്ള സൗകര്യവും കൊച്ചിയിലെ മികവിന്റെ കേന്ദ്രത്തിലുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. കളമശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിലാണ് ഈ കേന്ദ്രം തുടങ്ങുന്നത്. പ്രളയത്തിനു ശേഷമുള്ള സുസ്ഥിര കേരളത്തിന്റെ പുനർനിർമ്മാണത്തിൽ സാങ്കേതികാധിഷ്ഠിത അടിസ്ഥാന സൗകര്യ വികസനത്തിൽപുതിയ രൂപകൽപ്പനകൾ കൈക്കൊള്ളാൻ ഈ രണ്ടാം പതിപ്പ് സഹായകമാകും.*

*കഴിഞ്ഞ വർഷം നടന്ന ഡിസൈൻ വീക്കിലെ പ്രവർത്തനങ്ങളിൽ മതിപ്പ് തോന്നി സിലിക്കൺവാലിയിലെ പ്രമുഖ ഉത്പന്ന രൂപകൽപ്പന കമ്പനിയായ ലൂമിയം ഡിസൈൻ കേരളത്തിൽ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഇതേ മാതൃകയിൽ സാമൂഹ്യമാധ്യമ രംഗത്തെ ആഗോള ഭീമന്മാരുൾപ്പെടെ കേരളത്തിൽ സ്ഥാപനങ്ങൾ തുടങ്ങാനുള്ള താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇവരുമായുള്ള ചർച്ചകൾ പുരോഗമിക്കുകയാണെന്നും ശ്രീ ശിവശങ്കർ അറിയിച്ചു.*

*അയ്യായിരത്തോളം പ്രതിനിധികൾ വിവിധ ദിവസങ്ങളിലായി പങ്കെടുക്കുമെന്ന് മുഖ്യമന്ത്രിയുടെ ഐടി ഫെലോ അരുൺ ബാലചന്ദ്രൻ പറഞ്ഞു. രൂപകൽപ്പനയെ*

*അടിസ്ഥാനമാക്കിയാണ് ഫുഡ്ഫെസ്റ്റിവൽ ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ദിവസവും വൈകുന്നേരം നടക്കുന്ന സാംസ്കാരിക പരിപാടികളിൽ പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.*

*ഡിസൈൻ ഉച്ചകോടിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ* http://kochidesignweek.org *എന്ന വെബ്സൈറ്റിൽ ലഭിക്കും.*